LIBRARY ARCHIVES Kerala Legislative Assembly

**കൃഷി ആവശ്യത്തിന് വൈദ്യുതി**

101(1086) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) പുതിയതായി പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് എന്തൊക്കെ നിബന്ധനകളാണ് നിഷ്കർഷിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ കർഷകർ.

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

**ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾ**

102(1087) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എത്ര കൃഷിഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്; വ്യക്തമാക്കുമോ?

നിലവിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വിൽവട്ടം, ഒല്ലൂർ, ക്ലർക്കഞ്ചേരി, അയ്യന്തോൾ എന്നീ നാല് കൃഷി ഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്. കൂടാതെ ഒല്ലൂക്കര കൃഷി ഭവന്റെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത തൃശ്ശൂർ കൃഷി ഭവൻ നിലവിൽ ജില്ലാ കാർഷിക സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കൃഷി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കാർഷികരംഗത്ത് യുവാക്കളുടെ പ്രാതിനിധ്യം**

103(1088) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹനം നൽകാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ അറിവ്, പരിശീലനം, പ്രയോഗം, ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം എന്നിവ ആവശ്യംവേണ്ട ഘടകങ്ങളാണ്. കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹനം നല്കാൻ കൃഷി പാഠശാല, ഇന്റേൺഷിപ് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൃഷി പാഠശാല - 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകരിലും പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയെക്കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായിത്തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഇന്റേൺഷിപ് പരിപാടി - വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ